*ബാബ അപരാഹനവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച് 3, 2004**

## സായി വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 27D

## "ഇത് അവിടുത്തെ അവസാനമില്ലാത്ത പ്രേമമല്ലാതെ മറ്റൊന്നുമല്ല"

അടുത്തത് ഹിന്ദിയിലായിരുന്നു അവതരിപ്പിക്കപ്പെട്ടത്, അത് ഞാനിവിടെ പറയാം.

*"ഓരോ വട്ടവും പ്രഭുവിനെക്കുറിച്ച് ഞാൻ പ്രേമപൂർവം ചിന്തിക്കുമ്പോഴും, എന്റെ നയനങ്ങളെ കണ്ണീരണിയിക്കുന്ന എന്താണ് അവിടുത്തെയുള്ളിൽ ഉള്ളത്? ഓരോ വട്ടവും ദർശന സംഗീതം മുഴങ്ങുമ്പോൾ, എന്റെ ഹൃദയത്തിൽ ആനന്ദവും പ്രതീക്ഷയും നിറയ്ക്കുന്ന എന്താണ് അവിടുത്തെയുള്ളിൽ ഉള്ളത്? ഓരോ വട്ടവും പ്രഭുവിനെ ദർശിക്കുമ്പോൾ, എന്നെ വികാരഭരിതനാക്കുന്ന, എന്നിൽ തുളുമ്പുന്ന എന്താണ് അവിടുത്തെയുള്ളിൽ ഉള്ളത്? എന്നെ ഒരു കാന്തം കണക്കെ അങ്ങോട്ട് ആകർഷിക്കുന്ന എന്താണ് അവിടുത്തെയുള്ളിൽ ഉള്ളത്? അത്, അവിടുത്തെ അവസാനമില്ലാത്ത പ്രേമമല്ലാതെ മറ്റൊന്നുമല്ല."*

*"നമ്മുടെ സായിമാതാവ് നമ്മിൽ കൃപ ചൊരിഞ്ഞ് നമ്മെ പ്രേമത്തിന്റെ ചായം പൂശി നവീകരിക്കുന്നു. നമ്മൾ ഭാഗ്യം ചെയ്തവരാണ്. നാം അവിടുത്തെ പൂമാലയിലെ റോസാപുഷ്പങ്ങളാണ്. നാം അവിടുത്തെ വിനീതരായ കുട്ടികളാണ്. അവിടുന്ന് വിശ്വത്തിന്റെ ചക്രവർത്തിയാണെന്നു വരികിലും, അവിടുന്ന് നമ്മുടെ തലത്തിലേക്ക് ഇറങ്ങിവരികയും നമ്മോട് സംസാരിക്കുകയും ചെയ്യുന്നു."*

## നമ്മുടെ വീഴ്ചകൾ എത്ര വലുതായാലും, അവിടുന്ന് പുഞ്ചിരിയോടെ ക്ഷമിക്കുന്നു

*"നമ്മുടെ വീഴ്ചകൾ എത്ര വലുതായിക്കോട്ടെ, അവിടുന്ന് പുഞ്ചിരിയോടെ ക്ഷമിക്കുന്നു. ഇത് പോയ കൊല്ലം ഒടുവിൽ നടന്നതാണ്, ഞാൻ എന്റെ പതിനൊന്നാം തരത്തിലായിരിക്കുമ്പോൾ. ഞാനോർക്കുന്നു, ഭഗവാൻ ഞങ്ങളോട് കുറെ ദിവസം ഒന്നും മിണ്ടാതിരിക്കുകയായിരുന്നു, എന്തോ കാരണത്താൽ അവിടുന്ന് ഞങ്ങളോട് പിണങ്ങിയിരുന്നു. നാലു*


ഭഗവാൻ ഹയർ സെക്കന്ററി സ്കൂളിലെ ഊഞ്ഞാലിൽ

*ദിവസം കഴിഞ്ഞപ്പോൾ, അവിടുത്തെ ശ്രദ്ധ പിടിച്ചുപറ്റാനായി ഞങ്ങൾ ഓരോ ശ്രമവും നടത്തി."*

*"ഒരു ദിവസം, ഞങ്ങൾ പാടാനാരംഭിച്ചു; എന്നാൽ ഞങ്ങളുടെ നല്ലവനായ ഭഗവാൻ നേരേ അവിടുത്തെ ഇന്റർവ്യൂമുറിയിലേക്ക് പോയി, വെളിയിൽ വന്നതുമില്ല. ഞങ്ങൾ പാട്ട് തുടർന്നുവെങ്കിലും കരയുകയായിരുന്നു. പെട്ടെന്ന് വാർഡൻ വിളിക്കപ്പെട്ടു. അദ്ദേഹം ഇന്റർവ്യൂമുറിയുടെ അകത്തേക്ക് ചെന്നു."*

*"കുറച്ചുനേരം കഴിഞ്ഞ് അദ്ദേഹം പുറത്തുവന്നപ്പോൾ, അദ്ദേഹം സന്തോഷപൂർവം ഞങ്ങളുടെ നടുക്ക് നിന്നുകൊണ്ട് പ്രഖ്യാപിക്കുകയുണ്ടായി, "കുട്ടികളേ, കരയേണ്ട. സാമി നാളെ നമ്മുടെ ഹോസ്റ്റൽ സന്ദർശിക്കും!" എല്ലാവരും ആനന്ദത്താൽ തുള്ളിച്ചാടി.*

*ഞങ്ങൾ ഞങ്ങളുടെ എല്ലാ വ്യസനവും മറന്നു. സ്വാമീ, അവിടുത്തെ പ്രതികരണം അതായിരുന്നു.''*

## ''ഞങ്ങൾ അവിടുത്തെ കുട്ടികളാണ്, സ്വാമീ''

ഇനിയും, ഹിന്ദിയിലുള്ള മറ്റൊരു പ്രസംഗവും നടന്നു. ഇതാണതിന്റെ പരിഭാഷ:

*''ഞങ്ങൾ ഞങ്ങളുടെ മാതാവിന്റെ കരം വിട്ടിട്ട് ഇവിടെ വന്നപ്പോൾ, ഞങ്ങളെ ചേർത്തുപിടിക്കാനായി അവിടുന്ന് ഉണ്ടെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഞങ്ങൾ ഞങ്ങളുടെ വിനോദഉപാധികൾ ഉപേക്ഷിച്ച് ഇവിടെ വന്നപ്പോൾ, അവിടുന്ന് ഞങ്ങൾക്കൊപ്പം കളിക്കാനുണ്ടെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഞങ്ങൾ ഒറ്റയ്ക്ക്, മ്ലാനരായിരുന്നപ്പോൾ, അവിടുന്ന് ഞങ്ങളെ ആശ്വസിപ്പിക്കാനുണ്ടെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഞങ്ങൾ സന്തോഷത്തോടെ, ആനന്ദത്തോടെ ഇരുന്നപ്പോൾ, അവിടുന്നാണ് അതിനു കാരണക്കാരനെന്ന് ഞങ്ങൾക്കറിയാമായിരുന്നു.''*



*''ഞങ്ങളുടെ ഓരോ കാലടിയിലും, ഞങ്ങൾ അരികത്തായി പാദമുദ്രകൾ കണ്ടു, അവ അവിടുത്തേതാണെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഞങ്ങളുടെ ഓരോ തെറ്റിലും, ഞങ്ങളെ സദാ ആരോ തിരുത്തുന്നുണ്ടായിരുന്നു, അത് അവിടുന്നാണെന്ന് ഞങ്ങൾക്കറിയാമായിരുന്നു. 'ബാ-ബാ ബ്ലാക് ഷീപ്' എന്ന് ലോകം പഠിപ്പിച്ചപ്പോൾ, ഞങ്ങളെ വേദത്തിലേക്ക് ഉപനയിച്ചത് അവിടുന്നായിരുന്നു. ലോകം നിരവധി വെല്ലുവിളികൾ തന്നപ്പോൾ, അവയെ മറികടക്കുന്നതിന് അവിടുന്ന് സഹായിച്ചു.''*

*''ഒരു കൊച്ചുമൊട്ടായാണ് ആദ്യം വരുന്നത്, അതൊരു സുന്ദരപുഷ്പമായി വിടരുന്നുവെങ്കിൽ, അതിന്റെ ഖ്യാതി മുഴുവനും അതിനെ ജീവിതം മുഴുവനും പരിപാലിച്ച തോട്ടക്കാരനാണ്. ഒരു കൊച്ചു പശുക്കിടാവ് ആരോഗ്യമുള്ള പശുവായിത്തീരുന്നെങ്കിൽ, അതിനെ ജീവിതമുടനീളം പരിപാലിച്ച തള്ളപ്പശുവിനാണ് അതിന്റെ ഖ്യാതി.''*

*''പ്രിയപ്പെട്ട പ്രഭോ, ഇന്ന് ഞങ്ങൾ ആരാണോ, അതിന് കാരണമായിത്തീർന്നിട്ടുള്ളത്, ഞങ്ങൾ അവിടുത്തെ പരിപാലനത്തിൽ പഠിച്ചതുകൊണ്ടാണ്, അവിടുത്തെ പരിപോഷണത്തിൽ വളർന്നതുകൊണ്ടാണ്. സർവപ്രധാനമായി, ഞങ്ങൾ അവിടുത്തെ കുട്ടികളാണ്,*

*സ്വാമീ. അവിടുന്ന് ഞങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തന്ന എല്ലാ പിന്തുണയ്ക്കും പകരമായി, ഞങ്ങളുടെ ഹൃദയം അവിടുത്തേക്കായി മിടിക്കുന്നു എന്ന് പറയാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്!"*

## "അവിടുത്തെ നാമം അത്രമേൽ സുന്ദരം"

പതിനൊന്നാം ക്ലാസിലുള്ള ഒരു കൊച്ചു കുട്ടി തെലുങ്കിൽ ചൊല്ലിയ ഒരു കവിതയാണ് ഇത്:

*"ഞങ്ങൾ വളരെ സന്തോഷവാന്മാരാണ്, സ്വാമീ,*
*ഞങ്ങൾക്ക് അവിടുത്തെ നാമമുണ്ട്.*
*അവിടുത്തെ അനുപമമായ നാമത്തിന്റെ വാളിനാൽ,*
*ഞങ്ങൾ ഞങ്ങളുടെ മൃഗീയവാസനകളെ*
*തുണ്ടുതുണ്ടാക്കും.*
*ഞങ്ങൾ വളരെ ഭാഗ്യം ചെയ്തവരാണ്.*

*ഹേ ഭഗവാൻ,*
*അവിടുത്തെ നാമം മഴവില്ല് കണക്കെ മനോജ്ഞം,*
*അത് അനന്തം; അതിന് ആഴിയുടെ*
*നിലയില്ലാത്ത ആഴം.*
*അത് ശാന്തിയും ആനന്ദവും തരുന്നു.*
*അതിന് ശരിക്കും മുല്ലപ്പൂവിനേക്കാൾ സുഗന്ധം,*
*അത് പാൽക്കട്ടിയേക്കാൾ രുചികരം,*
*അതൊരു മയിൽപ്പേടയുടെ നയനങ്ങളേക്കാൾ മനോഹരം,*
*അത് നിലാവിനേക്കാൾ സുന്ദരം,*
*അത് മാതാവിന്റെ പ്രേമത്തേക്കാൾ ഹൃദ്യം.*

*അത്ര മൃദുവായി,*
*അത്ര തരളമായി, സ്വാമീ."*

## "അവിടുന്ന് എന്റെ മാതാവാണ്, സ്വാമീ"

ഈ കുട്ടി കണ്ണീരോടെ പറഞ്ഞു:

"സ്വാമീ, ഞാനെന്റെ അമ്മയെ ഒരിക്കൽപോലും കണ്ടിട്ടില്ല, എന്തുകൊണ്ടെന്നാൽ ഞാൻ ജനിച്ചയുടനെ എന്റെ അമ്മ മരിച്ചുപോയി. ഞാൻ ഒരിക്കൽപോലും അവരെ കണ്ടിട്ടില്ല, സ്വാമീ, എന്നാൽ ഞാനെന്റെ അമ്മയെ ഇത്രയും കൊല്ലങ്ങളായി, അവിടുന്നിൽ കണ്ടു. അവിടുന്ന് എന്റെ അമ്മയാണ്. എനിക്കെന്റെ ശരീരത്തിലുള്ള അമ്മയെ നഷ്ടമായി, പക്ഷേ അവിടുന്നാണ് എന്റെ യഥാർത്ഥ അമ്മ, സ്വാമീ. എനിക്ക് എന്റെ അമ്മയുടെ എല്ലാ പ്രേമവും അവിടുന്നിൽനിന്നാണ് കിട്ടിയത്."




"അവിടുന്ന് എന്റെ ജീവിതം,
ഞാനെന്റെ ജീവിതം
പ്രഭുവിനായി സമർപ്പിക്കട്ടെ.
ഭഗവൻ, അവിടുന്ന് വൃക്ഷം, ഞാനോ വള്ളി.
സ്വാമീ, അവിടുന്ന് പുഷ്പം, ഞാൻ തേനീച്ച.
അവിടുന്ന് ആകാശം, ഞാൻ നക്ഷത്രം.
അവിടുന്ന് സമുദ്രം, ഞാനതിലെ തിര.
അവിടുന്ന് ശൈലം, ഞാനോ ജലപാതം.
സ്വാമീ, അവിടുന്നും ഞാനും വേർപെടാത്തവർ.
അവിടുന്നും ഞാനും ഒന്ന്."

## “നമ്മുടെ സായീമാതാവിന്റെ പ്രേമാജ്ഞ”

അടുത്ത രചന തമിഴിലായിരുന്നു, ഞാനതിന്റെ പരിഭാഷ നൽകാം:

“സ്വാമീ, ഞങ്ങൾ അവിടുത്തെ കുട്ടികൾ.
അവിടുന്ന് ഞങ്ങളുടെ മാതാവ്,
ഞങ്ങളുടെ ദിവ്യജനനി.
എന്റെ അമ്മ എനിക്ക് ജന്മമേകി,
എന്നെ ഊട്ടി, താരാട്ടു പാടി.
എന്നാലീ സായീജനനി എന്നെ വളർത്തി.
അവിടുന്ന് ഞങ്ങൾക്ക് പ്രേമവും അനുഗ്രഹവുമേകി,
പെരുമാറ്റച്ചട്ടവും പഠനവും നൽകി.
അവിടുന്ന് ഞങ്ങൾക്ക് കൃപയേകി,
ഞങ്ങൾക്ക് ഭക്തിയും ശക്തിയുമേകി,
ലൗകികവസ്തുക്കളും.
അവിടുന്ന് ഞങ്ങളെ ഇങ്ങനെയാണ് വളർത്തിയത്,
കുളിപ്പിച്ചും അന്നമൂട്ടിയും മാത്രമല്ല.
ഹാ, ഞങ്ങളെത്ര ഭാഗ്യശാലികൾ!”

“ഭഗവാനെപ്പറ്റി മാത്രം ചിന്തിക്കുന്ന ഒരു മനസ്സ്
അവിടുന്ന് ഞങ്ങൾക്കു തന്നു.
ഞങ്ങൾ ഭഗവാനെ വീണ്ടും വീണ്ടും സ്തുതിക്കുന്നു.
ഞങ്ങൾ ഭഗവാനെപ്പറ്റി മാത്രം സംസാരിക്കുന്നു, സ്വാമീ.
ഞങ്ങളുടെ ഹൃദയം
അവിടുത്തോടു മാത്രം പ്രാർത്ഥിക്കുന്നു,
അവിടുന്നിനെ മാത്രം സ്നേഹിക്കുന്നു,
ഈ ജനനിയോട്, ഈ ദിവ്യ മാതാവിനോടുള്ള
ഞങ്ങളുടെ നന്ദി
ഞങ്ങളെങ്ങനെ പ്രകടമാക്കും?
ഹാ, എന്റെ ഹൃദയത്തിൽ

ഒരു ശബ്ദം മുഴങ്ങുന്നു.
അതെ, എന്താണത്?
ഞങ്ങളെല്ലാവരും അവിടുന്നിനുവേണ്ടി ജീവിക്കുന്നുവെന്ന്,
അവിടുന്നിനെ സ്നേഹിക്കുന്നുവെന്ന്.
ഭഗവൻ, ഞങ്ങൾ
അവിടുന്നിനായി ജീവിക്കുന്നു.''



''ഒരമ്മയ്ക്ക് കുഞ്ഞിനെ കിട്ടുമ്പോൾ
അവൾ സന്തോഷിക്കുന്നു,
ലോകം അവളുടെ കുഞ്ഞിനെ
'മഹാനായ പുത്രനെ'ന്നു വിളിക്കുന്നതു
കേൾക്കുമ്പോൾ
അവൾ ഏറെ ആനന്ദിക്കുന്നു.

അതെ, ഇന്ന്, നമുക്കൊരു പ്രതിജ്ഞയെടുക്കാം-
നാം നമ്മുടെ മാതാപിതാക്കന്മാരെ
സംരക്ഷിക്കുമെന്നും പരിപാലിക്കുമെന്നും.
നമുക്ക് നമ്മുടെ രക്ഷിതാക്കളെ സന്തോഷിപ്പിക്കാം.
ഇത് നമ്മുടെ സായീമാതാവിന്റെ ആജ്ഞയാണ്,
നമ്മുടെ ദിവ്യജനനിയുടെ നിർദ്ദേശമാണ്,
പ്രേമപൂർവമുള്ള ഒരാജ്ഞ.
ഞങ്ങളിത് ഒരിക്കലും മറക്കില്ല.
ഞങ്ങൾ ബാബ, ഞങ്ങളുടെ മാതാവ്, പറഞ്ഞത്
ഒരിക്കലും മറക്കില്ല.
ഞങ്ങൾ അവിടുത്തെ ശബ്ദം മറക്കില്ല, സ്വാമീ,
അവിടുത്തെ മധുരാധരങ്ങൾ,
അവിടുത്തെ മധുരവാക്കുകൾ.
ഞങ്ങൾ ഒരു കാലത്തും മറക്കില്ല, സ്വാമീ.''

## "പ്രഭോ അവിടുന്നിനു സമൻ അവിടുന്നു മാത്രം"

അടുത്തത് മറ്റൊരു വിദ്യാർത്ഥിയുടെ ഇംഗ്ലീഷിലുള്ള രചനയായിരുന്നു, അതിന്റെ പരിഭാഷ ഇതാണ്:

"സ്വാമീ, വർഷങ്ങൾ കടന്നുപോവുന്നു;
കാലം കടന്നുപോവുന്നു.
ആളുകൾ മാറി; ലോകവും മാറി;
ഓരോന്നും മാറിയിരിക്കുന്നു.

പക്ഷേ എന്നെ സംബന്ധിച്ച്, പ്രഭോ,
അവിടുന്നിന് മാറ്റമില്ല:
ആ മൃദുവായ കാലടികൾ,
ആ കരുണാപൂർണമായ കടാക്ഷം,
ആ തൊടുന്ന വാക്കുകൾ,
ആ നിഷ്കളങ്കാന്വേഷണങ്ങൾ,
'നീയെന്താണിന്ന് കാലത്ത് കഴിച്ചതെ'ന്ന്,
'നീയിന്ന് എത്ര സ്പൂൺ മധുരം കഴിച്ചെ'ന്ന്,
'ചപ്പാത്തി എത്ര വലുതായിരുന്നെ'ന്ന്.
ആ ചോദ്യങ്ങൾക്ക് മാറ്റമില്ല;
എല്ലാം അതുപോലെ."

*"ഹേ പ്രഭോ, എന്റെ ഈശ്വരാ,*
*അവിടുന്നെന്നെ പരിപാലിച്ചു,*
*എന്നെ രൂപപ്പെടുത്തി,*
*എന്നെ വാർത്തെടുത്തു.*
*അവിടുന്ന് ഞങ്ങളെ പോഷിപ്പിച്ചു;*
*അവിടുന്ന് ഞങ്ങളെ രൂപകല്പന ചെയ്തു;*
*അവിടുന്ന് ഞങ്ങളെ ലാളിക്കുകയും*

*സ്നേഹിക്കുകയും ചെയ്തു.*
*സർവപ്രധാനമായി, പ്രഭോ,*
*അവിടുന്ന് ഞങ്ങളെ പരിലാളിച്ചു.*
*അവിടുന്ന് ഞങ്ങൾക്ക് പിതാവിനുമപ്പുറത്താണ്,*
*മാതാവിനുമപ്പുറത്താണ്,*
*സഹോദരനും സഹോദരിക്കും*
*ഗുരുവിനും ഒക്കെ അപ്പുറത്താണ്.*
*പ്രഭോ,*
*അവിടുന്നിന് തുല്യനായി*
*അവിടുന്നു മാത്രമേ ഉള്ളൂ*

“അതെ പ്രഭോ, അവിടുന്നിന് തുല്യനായി അവിടുന്നു മാത്രമേ ഉള്ളൂ. അവിടുന്നത് ഞങ്ങൾക്ക് പല വട്ടം കാട്ടിത്തന്നിരിക്കുന്നു. ഞാൻ ഒരു സംഭവം ഓർക്കുകയാണ്. ഒരിക്കൽ പ്രസാദവിതരണം നടന്നുകൊണ്ടിരിക്കുകയാണ്, പെട്ടെന്ന് സ്വാമി ഒരു കുട്ടിയുടെ അടുത്തേക്ക് ചെന്നിട്ട്, അവന് പ്രസാദം ലഭിച്ചോയെന്ന് അന്വേഷിക്കുകയുണ്ടായി.

ആ കുട്ടി പറഞ്ഞു, “ഇല്ല, സ്വാമീ.”

ഭഗവാൻ ഉടനടി അരുളി, “നിന്റെ സഹോദരന്മാർ നിന്നെ മറന്നെന്നു വരാം, പക്ഷേ നിന്റെ മാതാവ് ഒരിക്കലും നിന്നെ മറക്കില്ല. നിനക്ക് പ്രസാദം കിട്ടിയില്ലെന്ന് എനിക്കറിയാമായിരുന്നു. വരൂ, അത് വാങ്ങൂ.” ഇതാണ് ബാബ അരുളിയത്.”

## “ഞങ്ങൾ ഞങ്ങളായിരിക്കുന്നത് അവിടുന്നു കാരണം”

“ഇന്ന് ഞങ്ങൾ ഞങ്ങളായിരിക്കുന്നത് അവിടുന്നു കാരണത്താലാണ്, സ്വാമീ. അത് അവിടുത്തെ നിരുപാധിക പ്രേമത്താലും കൃപയാലുമാണ്. ഞങ്ങളെ അനുഗ്രഹിച്ചാലും, ഞങ്ങളെ സദാ ഒപ്പം നിർത്തിയാലും. ഞങ്ങൾ ഇന്ന് അഭിമാനപൂർവം തലപൊക്കി നിൽക്കത്തക്കവണ്ണം, അവിടുന്ന് ഞങ്ങളെ അത്യുന്നതമായ ഗിരിശൃംഗം കയറാൻ പ്രാപ്തരാക്കി.”

“ലോകം ഞങ്ങളിൽനിന്നും നടന്നകന്നപ്പോൾ, അവിടുന്ന് ഞങ്ങളുടെ ജീവിതത്തിലേക്ക് കടന്നുവന്നു. ലോകം ഞങ്ങളിൽനിന്നും മാറി നടന്നപ്പോൾ, അവിടുന്ന് ഞങ്ങളുടെ കൂടെ നടന്നു, സ്വാമീ.”

“അവിടുന്ന് ഞങ്ങൾക്കായി ക്ലേശിച്ചു. ഞാൻ രോഗബാധിതനായപ്പോൾ അവിടുന്നാണ് എന്നെ രക്ഷിച്ചിട്ട് ഇപ്രകാരം അരുളിയത്, “നീ എന്റേതാണ്-എന്റെ സങ്കൽപം കൂടാതെ നിനക്ക് ഒന്നും തന്നെ സംഭവിക്കില്ല.”



“സ്വാമീ, അവിടുന്നാണ് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശം ചൊരിഞ്ഞത്, ആ വെളിച്ചത്തിലാണ് ഞങ്ങൾ മുന്നേറുന്നത്. ഞങ്ങൾ വയലിൻ പോലെയാണ്, അവിടുന്ന് വയലിനിസ്റ്റും. അവിടുന്ന് ഞങ്ങളെ കൈകളിലേന്തി ഒരു ഭാവഗീതം വായിക്കുമ്പോളാണ് ഒരു മാസ്റ്റർപീസ് സൃഷ്ടിക്കപ്പെടുക. ഇന്ന് ഞങ്ങൾ ഞങ്ങളായിരിക്കുന്നത് അവിടുന്നു കാരണത്താലാണ്, ഞങ്ങളുടെ ജീവിതത്തിന് ഞങ്ങൾ ഭഗവാനോട് കടപ്പെട്ടിരിക്കുന്നു, സ്വാമീ.”

ഇതായിരുന്നു അവന്റെ പ്രാർത്ഥന.

## “നിങ്ങൾ എനിക്കായി ജീവിക്കണം, മരിക്കുകയല്ല വേണ്ടത്”

അവൻ തുടർന്നു,

“ഒരിക്കൽ, ഭഗവാൻ ദർശനത്തിനായി പുറത്തുവന്നപ്പോൾ, അവിടുന്ന് ഒരു കുട്ടിയെ സമീപിച്ചിട്ട് തിരക്കി, “നീ എനിക്കുവേണ്ടി എന്തു ചെയ്യും?”

ആ കുട്ടി പറഞ്ഞു, “സ്വാമീ, ഞാൻ അവിടുന്നിനായി എന്തും ചെയ്യും. ഞാൻ അവിടുന്നിനായി മരിക്കുക പോലും ചെയ്യും!”

സ്വാമി ആ കുട്ടിയുടെ നേരേ തിരിഞ്ഞിട്ട് അരുളിയത് ഞങ്ങളുടെ കാതുകളിൽ എന്നേക്കുമായി മുഴങ്ങുന്നതാണ്. ബാബ എന്താണ് പറഞ്ഞത്?

“എന്റെ കുട്ടീ, നീ എനിക്കുവേണ്ടി മരിക്കുന്നത് എനിക്കിഷ്ടമല്ല. നീ എനിക്കുവേണ്ടി ജീവിക്കണമെന്നാണ് എന്റെ ആഗ്രഹം, അല്ലാതെ മരിക്കണം എന്നല്ല.”

“സ്വാമീ, ഞങ്ങൾ അവിടുത്തേതാണ്! ഞങ്ങളെ രാമന്റെ ഹനുമാനെപ്പോലെയും കൃഷ്ണന്റെ അർജുനനെപ്പോലെയും ആക്കിയാലും.”

## വിദ്യാർത്ഥികളുടെ ചോദ്യങ്ങളും ഭഗവാന്റെ മറുപടികളും

**Q.** ഭഗവാൻ, എന്റെ കസിൻ നിരവധി പുണ്യസ്ഥലങ്ങളിൽ പോയി, പല ഗുരുക്കന്മാരെയും സന്ദർശിച്ചു, നിരവധി ആശ്രമങ്ങൾ സന്ദർശിച്ചു, പക്ഷേ അവന് ശാന്തിയും സമാധാനവും കിട്ടിയത് ഇവിടെനിന്നു മാത്രമാണ്. ദയവായി അഭിപ്രായം പറഞ്ഞാലും.

ഉത്തരം: അവൻ കറങ്ങിനടന്നതു കാരണം, അവൻ നിരത്തുകളിലൂടെ നടന്ന് അവസാനം എല്ലാ അന്വേഷണവും, നിരത്തുകളും അവസാനിക്കുന്ന ഇവിടെ എത്തിച്ചേർന്നു. റോഡ് ഇവിടെയാണ് അവസാനിച്ചത്. ഇത് അവന്റെ സകല അന്വേഷണത്തിന്റെയും ഫലമാണ്, അതിനാൽ സ്വാഭാവികമായും അവൻ ശാന്തിയും ആനന്ദവും കണ്ടെത്തി. ഇതിൽ തെറ്റോ വിചിത്ര്യമോ ഇല്ല.

**Q.** ചില ആളുകൾക്ക് അനുഭവങ്ങൾ ലഭിക്കുന്നു, മറ്റുള്ളവർക്ക് അത് ഉണ്ടാവുന്നില്ല. എന്തുകൊണ്ടാണിങ്ങനെ?

ഉത്തരം: ഉത്തരം ലളിതമാണ്. നിങ്ങൾക്ക് വേണ്ടത്ര പക്വതയായിട്ടില്ല, നിങ്ങളുടെ ഹൃദയ ത്തിൽ നിറയെ പ്രേമമില്ല, പിന്നെ നിങ്ങളുടെ മനസ്സ് ഒരു 'സംശയാലുവായ തോമാ'യായി മാറിയിരിക്കുന്നു, അതിനാലാണ് നിങ്ങൾക്ക് അനുഭവങ്ങൾ ലഭിക്കാത്തത്.

**Q.** ചിലപ്പോളൊക്കെ, ഞാൻ ദുർബലനാണെന്ന്, എന്റെ സുഹൃത്തുക്കളെപ്പോലെ എനിക്കും ജീവിതത്തിൽ മൂല്യവത്തായ എന്തെങ്കിലും നേടാനാവില്ലെന്ന്, എനിക്ക് തോന്നി ക്കുന്നു. എന്തുകൊണ്ടാണിങ്ങനെ?

ഉത്തരം: ഉത്തരം വളരെ ലളിതമാണ്. ഇത് നിന്റെ മനശാസ്ത്രപരമായ ദൗർബല്യമാണ്. ഇത് നിന്റെ ഉന്മാദമാണ്; ഇത് നിന്റെ കുരങ്ങൻമനസ്സ് കാരണത്താലാണ്. മറ്റുള്ളവർക്ക് നേടാനായെങ്കിൽ, എന്തുകൊണ്ട് നിനക്കാവില്ല? ഈശ്വരനാമത്തോടെ, നിനക്ക് നിന്റെ എല്ലാ സുഹൃത്തുക്കളും ജീവിതത്തിൽ നേടിയതിനേക്കാളും മെച്ചപ്പെട്ട കാര്യങ്ങൾ നേടാ നാവും.

**Q.** ഞാൻ ഒരു കാര്യം ചെയ്യാനാഗ്രഹിക്കുന്നു, എന്നാൽ എന്റെ മാതാപിതാക്കൾ മറ്റൊരു കാര്യം ചെയ്യുന്നതിന് എന്നെ നിർബന്ധിക്കുന്നു. ഞാനെന്തു ചെയ്യണം?

ഉത്തരം: നിന്റെ മാതാപിതാക്കളുടെ ഇംഗിതത്തിനനുസരിച്ച് ചെയ്യുക. നീ ചെയ്യേണ്ടതെന്തെന്ന് നിനക്കറിയില്ല. നിന്റെ രക്ഷിതാക്കൾ മുതിർന്നവരാണ്, അതുകൊണ്ട് അവർ നിസ്വാർത്ഥരാവും. നീ എന്തു ചെയ്യണമെന്ന് അവർക്കറിയാം, എന്തു കൊണ്ടെന്നാൽ നിന്റെ ജീവിതം നിനക്കുവേണ്ടി മാത്രമല്ല. നിന്റെ ജീവിതം നിന്റെ രക്ഷിതാക്കൾക്കുവേണ്ടിയാണ്, നിന്റെ കുടുംബത്തിനുവേണ്ടിയാണ്, നിന്റെ രാജ്യത്തിനുവേണ്ടിയാണ്, സമൂഹത്തിനുവേണ്ടിയാണ്, പിന്നെ ഈശ്വരനുവേണ്ടിയാണ്. നീ ജീവിക്കുന്നത് നിനക്കുവേണ്ടി മാത്രമല്ല. മുൻഗണന അറിയുക, എന്നിട്ട് തീരുമാനിക്കുക.



**Q.** ആഗ്രഹങ്ങളെയൊക്കെ സ്വീകരിക്കരുതെന്ന് പറയുമ്പോൾ, ഭഗവാനെ കാണണമെന്ന തോന്നലും തെറ്റല്ലേ, സ്വാമീ?

ഒരു പുഞ്ചിരിയോടെ ഉത്തരം വന്നു: "ഒരു തെറ്റുമില്ല. സ്വാമിയെ ദർശിക്കുകയെന്നത് ഒരു ആഗ്രഹമല്ല, എന്തുകൊണ്ടെന്നാൽ നിങ്ങളും സ്വാമിയും ഒന്നാണ്."

**Q.** എനിക്ക് ഈ ലോകത്തിൽ സുഹൃത്തുക്കളാരും തന്നെ ഇല്ല. ഞാനെന്തു ചെയ്യും?

ഉത്തരം: "അല്ല. എന്തുകൊണ്ടാണ് നീയിങ്ങനെ പറയുന്നത്? മറ്റ് സുഹൃത്തുക്കൾ നിന്നെ ഇന്നല്ലെങ്കിൽ നാളെ വിട്ടുപിരിയാം. ഒരു ദിവസത്തിന്റെ 24 മണിക്കൂറും ഒരു സുഹൃത്തിന്

നിനക്കൊപ്പം ഇരിക്കാനാവില്ല; പക്ഷേ സദാ നിന്നോടൊപ്പമുള്ള ഒരു സുഹൃത്തുണ്ട്, അത് ഈശ്വരനാണ്. ആ സുഹൃത്ത് മതി. എന്തിനാണ് നിനക്ക് മറ്റ് സുഹൃത്തുക്കൾ?

ഇവ വിദ്യാർത്ഥികളുടെ ചോദ്യങ്ങളാണ്, ഞാനിവ നിങ്ങളുമായി പങ്കുവയ്ക്കണം എന്ന് ആഗ്രഹിച്ചിരുന്നു. കൂടുതലായെന്തെങ്കിലും എന്റെ കൈവശമുണ്ടെങ്കിൽ, ഞാനത് മറ്റൊരിക്കൽ അറിയിക്കാം.

ഓം... ഓം.... ഓം.....

അസതോ മാ സദ് ഗമയ
തമസോ മാ ജ്യോതിർ ഗമയ
മൃത്യോർ മാ അമൃതം ഗമയ

ഓം ലോകാ സമസ്താ സുഖിനോ ഭവന്തു
ലോകാ സമസ്താ സുഖിനോ ഭവന്തു
ലോകാ സമസ്താ സുഖിനോ ഭവന്തു

ഓം ശാന്തി: ശാന്തി: ശാന്തി:



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)